"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ (ഐഇഡി) ആയിരുന്ന ശ്രീ.ആർ.രാജന്റെ വേലവിലക്ക് കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.**4764/2025/GEDN** തീയതി,തിരുവനന്തപുരം, **19-07-2025**

---

പരാമർശം:-

1. **28/06/2019**-ലെ സ.ഉ(സാധാ) നം.**2598/2019** പൊ.വി.വ
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **17/12/2019**-ലെ ഡി7/26502/2019/ഡിജിഇ നമ്പർ നടപടി ക്രമം
3. ശ്രീ.ആർ.രാജൻ **19/01/2020**-ൽ സമർപ്പിച്ച അപേക്ഷ
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **13/12/2022** ലെ ഡി7/**26502/2022**/ഡിജിഇ നമ്പർ കത്ത്.
5. **27/02/2024**-ലെ പൊവി-ഡിഎ1/**49/2023**/പൊവിവ. നമ്പർ സർക്കാർ കത്ത്
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **20/03/2024**-ലെ ഡി7/**26502/2019**/ഡിജിഇ നമ്പർ നടപടി ക്രമം
7. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **20/09/2024**-ലെ ഡി7/**15321/2024**/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ **(IED)** ആയിരുന്ന ശ്രീ.ആർ. രാജന്റെ **27/07/2016** മുതൽ **05/04/2017** വരെയുള്ള വേലവിലക്ക് കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച് പരാമർശം **(1)** പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ **27/07/2016** മുതൽ **23/12/2016** വരെയുള്ള കാലയളവ് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം **(2)** പ്രകാരം പരിവർത്തിത അവധിയായി ക്രമീകരിച്ച് ഉത്തരവാകുകയുണ്ടായി. ശ്രീ.ആർ.രാജൻ **27/07/1988** ലാണ് സർവ്വീസിൽ പ്രവേശിച്ചത്. എന്നാൽ തന്റെ **01/03/1997** മുതലുള്ള ലീവുകൾ മാത്രമാണ്

മേൽ കാലയളവിലുള്ള അവധിയായി പരിഗണിച്ചിട്ടുള്ളതെന്നും 27/07/1988 മുതൽ 28/02/1997 വരെയുള്ള തന്റെ സേവന കാലയളവിലെ പരിവർത്തിത അവധി കൂടി പരിഗണിച്ച് 24/12/2016 മുതൽ 05/04/2017 വരെയുള്ള കാലയളവ് ഡ്യൂട്ടി ലീവായി പരിഗണിച്ച് തരികയോ അർഹതപ്പെട്ട ലീവായി പരിഗണിക്കുകയും ചെയ്യണമെന്ന് പരാമർശം (3) പ്രകാരം ശ്രീ.ആർ. രാജൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2)11/03/1997-ൽ സേവനത്തിൽ പ്രവേശിച്ച ടിയാന്റെ വേലവിലക്ക് കാലയളവായ 24/12/2016 മുതൽ 05/04/2017 വരെയുള്ള 103 ദിനങ്ങൾ ഇനിയും ക്രമീകരിക്കേണ്ടതായിട്ടുണ്ടെന്നും, 11/03/1997 മുതൽ 10/03/2004 വരെ 140 അർദ്ധ വേതന അവധികൾ അവശേഷിക്കുന്നതായി അക്കൗണ്ടന്റ് ജനറൽ കാര്യാലയം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 70 ദിവസങ്ങൾ 24/12/2016 മുതൽ 03/03/2017 വരെ പരിവർത്തിതാവധിയായി ക്രമീകരിക്കാവുന്നതാണെന്നും, 04/03/2017 മുതൽ 05/04/2017 വരെയുള്ള 33 ദിനങ്ങൾ ക്രമീകരിക്കേണ്ടതിനാവശ്യമായ അവധികൾ ലഭ്യമല്ലെന്നും, ടിയാന് 27/07/1988- മുതൽ 10/03/1997 വരെ എയ്ഡഡ് സ്കൂൾ സേവനം ഉണ്ടായിരുന്നെങ്കിലും പ്രസ്തുത കാലയളവിൽ ആർജ്ജിച്ച 87 അർദ്ധ വേതനാവധികൾ മേൽ കാലയളവിലെ ലീവായി ക്രമീകരിക്കുവാൻ നിർവാഹമില്ലെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം അറീയിക്കുകയുണ്ടായി.

3) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ശ്രീ.ആർ രാജന്റെ 24/12/2016 മുതൽ 05/04/2017 വരെയുള്ള 103 ദിവസത്തെ വേലവിലക്ക് കാലയളവിൽ 24/12/2016 മുതൽ 03/03/2017 വരെയുള്ള 70 ദിവസത്തെ വേലവിലക്ക് കാലയളവ് പരിവർത്തിത അവധിയായി ക്രമികരിക്കുവാനും, 04/03/2017 മുതൽ 05/04/2017 വരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ടി വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാൻ പരാമർശം (5) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.

4) സർക്കാർ നിർദേശത്തെ തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ടിയാന്റെ 24/12/2016 മുതൽ 03/03/2017 വരെയുള്ള 70 ദിവസത്തെ വേലവിലക്ക് കാലയളവ് പരിവർത്തിത അവധിയായി ക്രമീകരിച്ച് പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ശ്രീ.ആർ.രാജന്റെ ലീവ് അക്കൗണ്ടിൽ 24/12/2016 മുതൽ 05/04/2017 വരെയുള്ള വേലവിലക്ക് കാലയളവ് ക്രമീകരിക്കുവാൻ ആവശ്യമായ ലീവ് ഇല്ലായെന്നതിനാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലീവ് അനുവദിക്കുവാൻ സാധിക്കുകയില്ലെന്ന് അക്കൗണ്ടന്റ് ജനറൽ കാര്യാലയത്തിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ 24/12/2016 മുതൽ 05/04/2017 വരെയുള്ള കാലയളവ്

ശൂന്യവേതനാവധിയായി ക്രമീകരിച്ച് നൽകുന്നതിനുള്ള അനുമതി നൽ കണമെന്ന് പരാമർശം (7) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ **(IED)** ആയിരുന്ന ശ്രീ.ആർ. രാജന്റെ ലീവ് അക്കൗണ്ടിൽ മറ്റ് ലീവുകളൊന്നും ഇല്ലാത്ത സാഹചര്യത്തിൽ ടിയാന്റെ **24/12/2016** മുതൽ **05/04/2017** വരെയുള്ള വേലവിലക്ക് കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ) കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.പൊവി-ഡിഎ1/49/2023/പൊവിവ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 21-07-2025 10:08:29
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എയ്ക്ക്